*Minister for Education, Labour and Civil Supplies* (**Sri. Panampilli Govinda Menon**):

(*a*) No such delay took place except in the case of few wagons consigned to Trivandrum.

(*b*) & (*c*) Nine wagons consigned to Trivandrum were held up en-route, presumably at the transhipment stations.

(*d*) No.

(*e*) Does not arise in view of answer to (*d*).

## നെല്ലെടുപ്പുനടപടികൾ

*ക വ്യവ: (ന ഒ) ശ്രീ. വി. കെ. ജോസഫ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) തിരുവിതാംകൂർ വിഭാഗത്തു നെല്ലെടുപ്പു് ഊർജ്ജിതപ്പെടുത്തുന്നതിനു് ഗവൺമെണ്ടു കൈക്കൊണ്ടിട്ടുള്ള നടപടികൾ ഏവ?

(ബി) സംയോജനാനന്തരം ഇവിടത്തെ നെല്ലെടുപ്പിൽ വന്നിട്ടുള്ള മാറ്റങ്ങൾകൊണ്ടു് ഇപ്പോൾ എന്തുമാത്രം നെല്ലു് കൂടുതൽ ലഭിക്കുന്നുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ പ്രദേശത്തു നെല്ലെടുപ്പു ഊർജ്ജിതമാക്കുന്നതിനു താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ടു്.

(ക) കർഷകരിൽനിന്നും ഗവൺമെണ്ടിലേക്കു കിട്ടേണ്ട നെല്ലു് നിശ്ചയിക്കാനും ആവശ്യപ്പെടാനും സംഭരിക്കാനും ഒരു ശരിയായ അടിസ്ഥാനം വ്യവസ്ഥചെയ്തുകൊണ്ടു സംസ്ഥാനമൊട്ടുക്കു ബാധകവും സമഗ്രവുമായ നെല്ലു് (എടുക്കലും കൊണ്ടുപോകലും) നിയന്ത്രണ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

(ഖ) തിരുവിതാംകൂർ പ്രദേശത്തിലെ എല്ലാ പകുതിയിലും കൃഷിനടത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം, ഉല്പാദനം, കിട്ടാവുന്ന വിളവു് മുതലായവയുടെ സ്ഥിതിവിവരകണക്കുകൾ കാണിക്കുന്ന രജിസ്റ്ററുകൾ തുറന്നിട്ടുണ്ടു്.

(ഗ) വിളവെടുപ്പുവിവരം കാണിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഡിമാൻഡുകൾ നിശ്ചയിക്കാനും പർച്ചസ് ഉദ്യോഗസ്ഥന്മാർക്കു് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്.

(ഘ) ശരിയായ അധികാരത്തിലുള്ളതല്ലാത്ത നെല്ലു വാങ്ങലും വില്പനയും രണ്ടും നിരോധിച്ചിട്ടുണ്ടു്.

(ങ) ശരിയായ പെർമിറ്റ് കൂടാതെ നെല്ലു കൊണ്ടുപോകുന്നതിനെ കുറ്റകരമാക്കിയിട്ടുണ്ടു്.

(ന) വിത്തിനും, കൃഷിച്ചിലവുകൾക്കും വീട്ടാവശ്യത്തിനും കൃഷിക്കാർക്കു് അനുവദിക്കേണ്ട നെല്ലു് കൃത്യപ്പെടുത്തിയിട്ടുണ്ടു്.

(ഒ) കൃഷിക്കാർക്കു പ്രത്യേക റേഷൻ കാർഡുകൾ നിശ്ചയിച്ചിട്ടുണ്ടു്. കൃഷിക്കാരനോ ഉപഭോക്താവോ റേഷൻകാർഡിൻപ്രകാരമുള്ള അളവുകളിൽ കവിഞ്ഞു കൂടുതൽ നെല്ലോ അരിയോ സ്റ്റോക്കുചെയ്യാൻ അനുവദിക്കപ്പെട്ടിട്ടില്ല.

(വ) നെല്ലെടുപ്പും റേഷനിംഗും ചട്ടങ്ങൾ ലംഘിക്കുന്നതിനെ കുറ്റകരമാക്കുകയും അതിന്മേൽ പോലീസിനു കേസെടുക്കാമെന്നു് വെയ്ക്കുകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ൻ) തിരുവിതാംകൂർ പ്രദേശത്തിലും എല്ലാ താലൂക്കുകളിലും മുഴുവൻ സമയവും ജോലിചെയ്യുന്ന ഗ്രെയ്ൻപർച്ചസ് തഹസിൽദാരന്മാരേയും ഫീൽഡ്സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

(ഫ ൦) റേഷനിംഗും സംഭരണവും ജോലികൾ കൂടുതൽ ഏകീകരിക്കുന്നതിനും വിജയപ്രദമാക്കുന്നതിനുംവേണ്ടി, റേഷനിംഗ് ജോലികൂടി ഗ്രെയിൻ പർച്ചസ് തഹസിൽദാരന്മാരെ ഏല്പിച്ചിട്ടുണ്ട്.

(ബി) നെല്ലെടുപ്പു ശരിയായി നിർവ്വഹിക്കുന്നതിനു വേണ്ടുവോളം ഉദ്യോഗസ്ഥന്മാരെ അടുത്തകാലത്തു മാത്രമെ നിയമിക്കുകയുണ്ടായുള്ളൂ. കൂടാതെ ഫ ഫ ഠ ർ–നെ അപേക്ഷിച്ചു ഫ ഫ ഠ ൪–ൽ കൃഷിനാശം വളരെ ഉണ്ടായതിനാൽ നെല്ലെടുപ്പിൽ വരുത്തിയിട്ടുള്ള ഊഹിക്കാവുന്ന നടപടികൾ കൊണ്ടു എന്തു മാത്രം ഫലം സിദ്ധിച്ചിട്ടുണ്ടെന്നു ഇപ്പോൾ നിർണ്ണയിക്കുവാൻ തരമില്ല.

## DOMESTIC SCIENCE COMMITTEE

*1082. [71] **Sri. N. V. Chacko:** Will the Hon'ble Minister for Education be pleased to state :—

(*a*) whether Mrs. M. Mathew, Alwaye was nominated a member of the Domestic Science Committee for writing text books for the high school classes;

(*b*) wheteer she was promised Rs. 1,000 as remuneration for such service in Government letter ROC. No. 4794/46/Edn, dated 4th December 1946;

(*c*) whether the work assigned to her has not been finished and the manuscript sent in time to the Secretary to the Editorial Board and whether its receipt was not acknowledged on 8th December 1948;

(*d*) whether she did not apply to the Director of Public Instruction on 20th January 1950 and 18th July 1950 and to the Government Secretary on 18th July 1950 for payment of the remuneration?

*Minister for Education, Labour and Civil Supplies* **(Sri. Panampilli Govinda Menon):**

(*a*) Yes.
(*b*) Yes.
(*c*) Yes.
(*d*) Yes.

## ഹോംസെയിൽ ഡിപ്പോ

*ഫ ൦ വ്യ ൩. (൭ൻ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹോംസെയിൽ ഡിപ്പോ നിർത്തണമെന്നും അരിവിതരണം ഗവൺമെണ്ടു ഡിപ്പോകൾമുഖേന നടത്തണമെന്നും ഗവൺമെണ്ടു തീർച്ചപ്പെടുത്തിട്ടുണ്ടോ;

(ബി) അങ്ങിനെ തീർച്ചപ്പെടുത്തുവാൻ എന്താണു;

(സി) അതു നടപ്പിൽ വരുത്തിയോ; എന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു.

(ബി) ഫൻ ൪൦ ആഗസ്റ്റു ൧–൦൯.

(സി) തിരുവിതാംകൂർ പ്രദേശത്തു് ഏഴു താലൂക്കുകളിൽ നടപ്പിൽ വരുത്തി. കന്നത്തുനാടു്, പറവൂർ എന്നീ താലൂക്കുകളിൽ ഫ—൫—ഫൻ൪൦ മുതലും, മറ്റു താലൂക്കുകളിൽ ഫ—ഫ ൦—ഫൻ൪൧ മുതലും നടപ്പിൽ വരുത്തി.

LIBRARY ARCHIVES Kerala Legislative Assembly